പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2171 | 13.06.2019 ൽ മറുപടിയ്ക്ക്

ഡാമേജ്ഡ് റൈസ്

ചോദ്യം
ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ നശിച്ച അരി ഡാമേജ്ഡ് റൈസ് എന്ന പേരിൽ കോയമ്പത്തൂരിന് സമീപമുള്ള അരിമില്ലുകളിൽ എത്തിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രളയത്തിൽ നശിച്ച അരി കാലിത്തീറ്റക്ക് പോലും നൽകരുതെന്ന കോടതി ഉത്തരവ് അവഗണിച്ച് എത്ര ടൺ അരിയാണ് ഇപ്രകാരം വിറ്റത് എന്നറിയിക്കാമോ ; | (ബി) | കോടതി ഉത്തരവ് അവഗണിച്ച് കേടായ നെല്ലും അരിയും വിറ്റിട്ടില്ല. മില്ലുകളിലെ പ്രളയത്തിൽ നശിച്ച അരിയും നെല്ലും ഇ-ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ട വർക്ക് ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം (W.P(C) No.34566/18) മനുഷ്യ ഉപഭോഗത്തിന് നൽകരുത് എന്ന നിബന്ധനകൾ ഉൾപ്പെടുന്ന സത്യവാങ്മൂലം ലഭ്യമാക്കിയിട്ടാണ് വിട്ടെടുപ്പിന് അനുമതി നല്കിയത്. ഇത്തരത്തിൽ കേടായ നെല്ലും അരിയും മനുഷ്യ ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കരുതെന്നാണ് ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത അരി നീക്കം ചെയ്യുവാൻ കരാർ എടുത്തത് ഏത് സ്ഥാപനമാണ്; | (സി) | കേടായ അരി നീക്കം ചെയ്യുവാൻ കരാർ എടുത്ത സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കരാർ എടുത്ത ശേഷം അവർ ഇടനിലക്കാർക്ക് ഉയർന്ന വിലയ്ക്ക് മറിച്ച് വിറ്റുവെന്ന ആക്ഷേപം വസ്തുതാപരമാണോ; | (ഡി) | മില്ലുകളിലെ കേടായ ഭക്ഷ്യധാന്യം കരാർ എടുത്ത M/s. സൈറെസ് ട്രേഡേഴ്സ് എന്ന സ്ഥാപനം കേടായ ഭക്ഷ്യധാന്യം ഇടനിലക്കാർക്ക് മറിച്ചുവിറ്റു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധിച്ച് സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ് ? | (ഇ) | 23.01.2019 ൽ സപ്ലൈകോ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ നമ്പ്യാട്ടുകുടി റൈസ് മിൽ കുവപ്പ ടി, ഡയമണ്ട് ഫുഡ് പ്രോഡക്ട്സ് എന്നീ മില്ലുകളിൽ ഡാമേജായ അരി സപ്ലൈകോയിൽ നിന്ന് ഇ-ടെണ്ടർ മുഖേന സൈറസ് ട്രേഡേഴ്സ് എന്ന സ്ഥാപനമാണ് വാങ്ങിയിരിക്കുന്നതെന്നും ഭക്ഷ്യയോഗ്യമായ അരി മാത്രം പ്രോസസ്സ് ചെയ്യുന്ന പളനി മുരുഗൻ മോഡേൺ റൈസ് മില്ലിൽ കേടായ അരി പോളിഷ് ചെയ്ത് നല്ല അരിയാക്കി വിൽക്കുന്നതിനുള്ള ദുരുദ്ദേശത്തോടെ സൂക്ഷിച്ചിരുന്ന തെന്നും വെളിവായതിന്റെ അടിസ്ഥാനത്തിൽ ഈ റൈസ് മിൽ 23.01.2019 ന് മുസറി റവന്യൂ ഡിവിഷണൽ ഓഫീസറുടെയും സപ്ലൈകോ വിജിലൻസ് ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ സീൽ ചെയ്തിട്ടുള്ളതാണ്. പ്രളയാബാധിതമായ അരി/ നെല്ല് മനുഷ്യ ഭക്ഷ്യാവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന സത്യവാങ്മൂലം സൈറസ് ട്രേഡേഴ്സ് ലംഘിച്ചതായി കണ്ടെത്തിയതിനാൽ കരാർ ലംഘനത്തിന് ടി സ്ഥാപനത്തിനെതിരെ ഉചിതമായ ശിക്ഷാ നടപടി സ്വീകരിക്കുവാൻ സപ്ലൈകോ വിജിലൻസ് ശുപാർശ ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. സൈറസ് ട്രേഡേഴ്സ്, എം.സി. റോഡ്, മറ്റൂർ, കാലടി — 683574, എറണാകുളം ഡിസ്ട്രിക്ട്.
2. ജോതിസ് കോൺസ്, ചൂണ്ടി, എരുമത്തല പി.ഒ, ആലുവ, എറണാകുളം.
3. സുർഭി കാറ്റിൽ ഫീഡ്, 14, ശ്രീ റാം നഗർ, മേള റോഡ്, വിഡിഷാ, മദ്ധ്യപ്രദേശ്.
4. ബ്ലൂ സ്റ്റാർ ഏജൻസീസ്, മലയാറ്റൂർ പി.ഒ, കാലടി.
5. നടരാജ് യുണൈറ്റഡ് അനിമൽ ഫീഡ്സ്, 124, ഗുരുനാനാക് ടിംമ്പർ മാർക്കറ്റ്, ദാർ റോഡ്, ഇൻഡോർ, മദ്ധ്യപ്രദേശ്.
6. വസന്ത് എൻറർപ്രൈസസ്, ഷോപ്പ് നമ്പർ. 1, റോയൽ ജിയോ കോംപ്ലക്സ്, ഈത്താമൊഴി മെയിൻ റോഡ്, മറവൻകുടിയിരുപ്പ്, നാഗർകോവിൽ-2.
7. ഫാൽക്കൺ ഫുഡ് പ്രൊഡക്ട്സ്, വി.ഐ.പി ഷോപ്പിംഗ് കോംപ്ലക്സ്, നിയർ പ്രൈവറ്റ് ബസ് സ്റ്റാൻറ്, കാലടി.
8. ശ്രീ റാം ട്രേഡേഴ്സ്, 236, സോളയപ്പൻ സ്ട്രീറ്റ്, ഓൾഡ് വാഷർമെൻപേട്ട്, ചെന്നൈ.
9. മഹാലക്ഷ്മി അനിമൽ ഫുഡ് പ്രൊഡക്ട്സ്, 0-135, സെക്ടർ 3, ബാവന ഇൻഡ്സ്ട്രിയൽ ഏരിയ, ഡൽഹി.

സെക്ഷൻ ഓഫീസർ